## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6880** **21-03-2023 - ൽ മറുപടിയ്ക്ക്**

## കൊച്ചി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവേ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവേ നടപടികൾ ആരംഭിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള കൊച്ചി നിയോജക മണ്ഡലത്തിലെ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, പള്ളുരുത്തി, തോപ്പുംപടി എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം, പുതുവൈപ്പ് എന്നീ വില്ലേജുകളുടെ പരമ്പരാഗത രീതിയിലുള്ള റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെ ആരംഭിച്ച വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |
| (സി) | മണ്ഡലത്തിലെ റീസർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 200 വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവ്വെ ആരംഭിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊച്ചി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന 4 വില്ലേജുകളെ (ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, പള്ളുരുത്തി, തോപ്പുംപടി) ഉൾപ്പെടുത്തിയിട്ടുള്ളതും, ടി വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>സർവ്വെ സംബന്ധിച്ച നടപടികൾ നേരിട്ട് ഭൂവുടമസ്ഥരെ ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി ഒന്നാം ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുള്ള ടി നിയോജക മണ്ഡലത്തിലെ നാലു വില്ലേജുകളിലെ എല്ലാ വാർഡുകളിലും സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിയിട്ടുള്ളതും, സർവ്വെ സമയത്ത് അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നുമുണ്ട്.<br><br>സർവ്വെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഡിജിറ്റൽ സർവ്വെ നടക്കുന്ന എല്ലാ വില്ലേജുകളിലും ഒരു ക്യാമ്പ് ഓഫീസ് തുടങ്ങുകയും സർവ്വെ നടപടികൾക്ക് മേൽനോട്ടം നൽകി വരുന്നതുമാണ്. പ്രസ്തുത വില്ലേജുകളുടെ ലഭ്യമായ എല്ലാ മുൻ റിക്കാർഡുകളും സ്കാൻ ചെയ്ത് സർവ്വെ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ ലഭ്യമാകും വിധം "എന്റെ ഭൂമി" എന്ന പോർട്ടലിൽ നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 4 വില്ലേജുകളിലായി ആകെ 2059 ഹെക്ടർ വിസ്തൃതിയുള്ളതിൽ 23.0999 ഹെക്ടർ സർവ്വെ പൂർത്തിയാകുകയും, ശേഷിക്കുന്ന ഭാഗത്തിന്റെ സർവ്വെ ജോലികൾ സമയബന്ധിതമായി തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. പ്രസ്തുത വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ അഞ്ചര മാസം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ